**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/04/2026

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 16 - 04 - 2026**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. സുരേന്ദ്രൻ. രാഘവൻ<br>ശാസ്ത്രിഭവൻ (സൌത്ത്)<br>മൈനാഗപ്പള്ളി പി.ഒ<br>മൈനാഗപ്പള്ളി, കൊല്ലം ജില്ല - **690519** |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ<br>ശാസ്താംകോട്ട, കൊല്ലം ജില്ല. |

## <u>പരാതിയുടെ പശ്ചാത്തലം</u>

പരാതിക്കാരനായ ശ്രീ.സുരേന്ദ്രൻ, കൊല്ലം മൈനാഗപ്പള്ളി സ്വദേശിയും മൈനാഗപ്പള്ളി സെക്ഷന്റെ കീഴിലുള്ള ഒരു ഗാർഹിക ഉപഭോക്താവുമാണ്. **Consumer no.1146597005459** ആയ ഗാർഹിക കണക്ഷൻ **1972** ൽ ഉപഭോക്താവിന്റെ ചെലവിൽ രണ്ട് പോസ്റ്റ് സ്ഥാപിച്ച് എടുത്തിട്ടുള്ളതാണ്. പ്രസ്തുത കണക്ഷൻ എടുക്കുന്ന സമയത്ത് അവിടെ പൊതുനിരത്തുണ്ടായിരുന്നില്ല. എന്നാലിപ്പോൾ പരാതിക്കാരന്റെ പുരയിടത്തിനു പുറത്തുകൂടി ഒരു പൊതുനിരത്ത് നിലവിലുണ്ട്. ആ പൊതു വഴിയിൽ **street light** സ്ഥാപിക്കുന്നതിനു വേണ്ടി ഒരു സ്ട്രീറ്റ് മെയിൽ നിലവിലുള്ള പോസ്റ്റിലൂടെ ഏകദേശം **5** വർഷങ്ങൾക്ക് മുൻപ് സ്ഥാപിച്ചു. പരാതിക്കാരന്റെ അനുവാദമില്ലാതെ **street main** വലിച്ചതിനാൽ അത് മാറ്റി സ്ഥാപിക്കണമെന്നതാണ് പരാതിക്കാരന്റെ ആവശ്യം. അദ്ദേഹത്തിന്റെ മരങ്ങൾ ലൈനിനു ഭീഷണിയായി വളർന്നതിനാൽ അവ മുറിച്ചുമാറ്റുന്നതിനു വേണ്ടി ലൈൻ അഴിച്ചു മാറ്റി സ്ഥാപിക്കണമെന്ന് ലൈസൻസിയോട് ആവശ്യപ്പെട്ടെങ്കിലും ലൈൻ മുറിച്ചു മാറ്റിയ ശേഷം അവിടെത്തന്നെ തിരിച്ചു

സ്ഥാപിച്ചു. അതിനു വേണ്ടി **3610/-** രൂപ ലൈസൻസിയുടെ സെക്ഷൻ ഓഫീസിൽ അടയ്ക്കുകയും ചെയ്തു. പോസ്റ്റ് ലൈനുൾപ്പെടെ പുറത്തുള്ള റോഡിലേയ്ക്ക് മാറ്റണമെന്ന ആവശ്യമാണ് ഇപ്പോൾ ഉന്നയിച്ചിരിക്കുന്നത്. **CGRF** ൽ നൽകിയ പരാതി **OP/40/25-26** ആയി ഫയലിൽ സ്വീകരിക്കുകയും ആ പരാതിയിന്മേൽ നടപടികൾ സ്വീകരിച്ച് ഉത്തരവ് **16/12/2025** ൽ പുറപ്പെടുവിക്കുകയും ചെയ്തു. **CGRF** ന്റെ ഉത്തരവിൽ തൃപ്തിയാകാത്ത പരാതിക്കാരൻ അതിന്മേലുള്ള അപ്പീലുമായാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

ഞാൻ പരസഹായമില്ലാതെ യാത്രചെയ്യുവാൻ സാധിക്കാത്ത ഭിന്നശേഷിക്കാരനും,മുതിർന്ന പൗരനുമാണ്. തൊട്ടടുത്തു റോഡ് ഉണ്ടായിരുന്നിട്ടും എന്റെ സമ്മതമില്ലാതെ എന്റെ പുരയിടത്തിൽ കൂടി സ്ട്രീറ്റ് ലൈൻ സ്ഥാപിച്ചത് മാറ്റി റോഡിൽ കൂടി മാറ്റണമെന്ന്(അപകടകരമായി നിലക്കുന്ന ഒരു മരം മുറിക്കേണ്ടതുണ്ടായിരുന്നു)ആവശ്യപ്പെട്ടു കൊടുത്ത അപേക്ഷയിൽ ശ്രദ്ധിക്കാതെ, മരംമുറിച്ച ശേഷം പുനഃസ്ഥാപിച്ചു. ആയതിലേക്ക് **3600**രൂപ അടപ്പിച്ചു. പിന്നിടുള്ള വിശദികരണത്തിൽ അത് 'ഡിസ്മ്ന്റലിംഗ് ചാർജ് ആയിരുന്നു എന്നതാണ്. ആയതു ചോദ്യം ചെയ്തുകൊണ്ട് മേലധികാരിക്ക് പരാതി നൽകിയിട്ടും മറുപടിലഭിക്കാത്ത സാഹചര്യത്തിൽ കൊട്ടാരക്കര **CGRF** ലേക്ക് പരാതി അയച്ചത്. **27.11.2025**-ൽ ഹിയറിങ് കഴിഞ്ഞു അതിന്റെ ഓർഡർ പ്രകാരമുള്ള നടപടികൾ ഒന്നും തന്നെ ഇതേവരെയും **KSEB** -യിൽ നിന്നും ലഭിച്ചില്ല. ഇത് സംബന്ധിച്ചു ഞാൻ ഒരു അറിയിപ്പ് **06.01.2026**-ൽ അയച്ചെങ്കിലും ഒന്നും അറിവാകാത്ത സാഹചര്യത്തിൽ, അപ്പിൽ സമയം കഴിയുന്നതിനാൽ പരാതി പരിഹാരത്തിനായ് ഓംബുഡ്സ്മാൻ മുൻപാകെ സമർപ്പിക്കുന്നു.

എതിർകക്ഷിയുടെ വിശദീകരണത്തിൽ പറഞ്ഞ പ്രകാരം ഇത് ത്രീ ഫേസ് ആണെന്ന് ഫോറംത്തിനെ തെറ്റിദ്ധരിപ്പിച്ചിതാണ്.ഇത് സിംഗിൾ ഫേസ് ആണ് കൂടാതെ,ക്രോസിങ് പാടില്ലെന്ന വാദം ശരിയല്ല ചിത്രം പരിശോധിച്ചാൽ എന്റെ പോസ്റ്റിൽനിന്നും രണ്ടു പ്രാവിശ്യംക്രോസ്സ് ചെയ്തിട്ടുണ്ട്. **3** മീറ്റർ വീതിയുള്ള ടാറിട്ട റോഡ് ആയതുകൊണ്ട് എതിർ കക്ഷിയുടെ വാദങ്ങൾ എല്ലാം അസത്യങ്ങളാണ്. സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നത് പഞ്ചായത്തിന്റെ ചുമതലയാണ് എന്നറിഞ്ഞിട്ടും,റോഡിന്റെ ആ ഭാഗത്തു മാത്രം എന്റെ വസ്തുവിൽ കൂടി വന്നതു യുക്തിയ്ക്ക് നിരക്കാത്തതാണ്. ഇത്

ദ്രോഹമനഃസ്ഥിതിയിൽ ചെയ്തയായി മാത്രമേ കണക്കാക്കുവാനാകൂ. ആയതിനാൽ ടി ലൈൻ പൂർണമായും(എന്റെ ഗൃഹ കണക്ഷൻ ഒഴികെ)റോഡിലേക്ക് മാറ്റി സ്ഥാപിക്കുവാൻ ഓർഡർ ഉണ്ടാകണമെന്ന് അപേക്ഷിയ്ക്കുന്നു. എന്റെ സമ്മതമില്ലാതെ തെറ്റായനടപടികൾ യാതൊരു ഫീസും ഈടാക്കാതെ തന്നെ നടപ്പിലാക്കാൻ ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വാദം

An inspection was conducted under the supervision of the Assistant Engineer, Electrical Section, Mynagappally, in connection with the complaint regarding the shifting of an electric pole and stay. During the inspection, it was observed that the electric pole and stay mentioned in the complaint are located approximately 3 meters away from the Panchayat road, within the property of Mr. Surendran R. Electric supply to Consumer No. 5459 is being provided from this pole. It was technically assessed that shifting the pole to the roadside is feasible, and an estimate of 9,500/- was initially prepared for carrying out the said work. The complainant further contended that an overhead (OH) line has been drawn from the pole to the opposite side of the road and requested a direct three-phase connection through that route. However, it was found that providing a three-phase line along the suggested route is not technically feasible, as the line would pass in front of a nearby residential building, where mandatory safety clearances cannot be maintained.

It was also informed that the work could be carried out subject to the following conditions:

- Payment of the estimated amount and applicable fees.
- Cutting and removal of the tamarind tree standing on the boundary of the concerned property, which obstructs safe execution of the work.

Subsequently, the complainant approached the Consumer Grievance Redressal Forum (CGRF), Southern Region, and a hearing was conducted on 27.11.2025, in which both parties were present and heard. After considering the submissions of both parties, CGRF, Southern Region, issued an order (directing the licensee to revise the estimate by avoiding the application fee and dismantling charges, and to carry out the work at the earliest upon payment of the revised estimate amount by the complainant.

In compliance with the order of the CGRF, the Assistant Engineer, Electrical Section, Mynagappally, revised the estimate by excluding the application fee, dismantling charges, and line erecting charges, and issued a revised estimate amounting to 8,315/-on 23.01.2026. The revised estimate was communicated to the complainant and a copy of the same was also forwarded

to the CGRF, Southern Region, through post. Till date, the complainant has not remitted the revised estimate amount of 8,315/-. It is respectfully submitted that the work will be completed at the earliest immediately upon payment of the revised estimate amount and cutting & removal of the tamarind tree standing on the boundary of the concerned property. The relocation of the post is technically possible subject to payment of the revised estimated cost and compliance with the conditions mentioned above. However, direct extension of a three-phase line along the suggested route cannot be permitted due to safety clearance issues.

## പരാതിക്കാരന്റെ എതിർവാദം

KSEB ത്രീ ഫേസ് ലൈൻ എന്ന് ആവർത്തിച്ച് പറയുന്നത് വസ്തുതാവിരുദ്ധമാണ്. അത് അവരുടെ ന്യായീകരണത്തിന്റെ തീവ്രത കൂട്ടാൻ വേണ്ടിയാണെന്ന് മനസ്സിലാക്കുന്നു. സ്ട്രീറ്റ് ലൈൻ ഉൾപ്പെടെ 3 ലൈനാണ് വരുന്നത്.ഗ്രീവൻസിൽ പരാതി സമർപ്പിച്ചത് 22.09.2025 ആണ്. അതിനു ശേഷം 13.11.2025-ൽ മാത്രമാണ് KSEB ഉന്നത അധികാരികൾക്ക് 11.08.2025-ൽ അയച്ച പരാതിയ്ക്ക് മറുപടിയായി (92 ദിവസം കഴിഞ്ഞ്) 9500/- രൂപ ബിൽ ലഭിക്കുന്നത് (ഇതിൽ ഡീറ്റെയിൽസ് ഇല്ലായിരുന്നു). CGRF ഓർഡർ പ്രകാരം ഓംബുഡ്സ്മാൻ മുൻപാകെ അപ്പീൽ തരുന്നതിനുള്ള അവസാനദിവസമായ 22.01.2026-ൽ എന്റെ പരാതി അയയ്ക്കുകയും 27.01.2026-ൽ അവിടെ സ്വീകരിയ്ക്കുകയും ചെയ്തു. അതിനിടയിൽ 06.01.2026-ൽ ഒരു റിമൈൻഡർ അയച്ചിട്ടുപോലും എനിക്ക് അപ്പീൽ പോകേണ്ട ദിവസത്തിന് മുൻപ് KSEB യുടെ നിലപാട് അറിയിയ്ക്കാൻ തയ്യാറായില്ല. KSEB യുടെ അസിസ്റ്റൻറ് എൻജിനിയർ എന്നെ ഫോണിൽ 29.01.2026_ൽ പുതിയ ബിൽ ആയതായി അറിയിച്ചു. ഞാൻ അയച്ച അപ്പീൽ പരാതിയുടെ തീരുമാനം അറിഞ്ഞശേഷം മറ്റുഭാഗത്തേക്ക് നീങ്ങാം എന്നറിയിച്ചു, 8500/-ന്റെ ബില്ലു പോസ്റ്റ് വഴിലഭിക്കുന്നത് 30.01.2025-ൽ മാത്രമാണ്. അതായത് എന്റെ അപ്പീലിനുള്ള തീയതി കഴിയുംവരെ കാത്തിരുന്നു എന്ന് മനസിലാക്കാം.

ഞാൻ എന്റെ അപേക്ഷ ആദ്യമായി കൊടുക്കുന്നത് 28.03.2025-ൽ ആണ്. സ്വീകരിച്ചശേഷം എന്നെ വിളിക്കും എന്നറിയിച്ചു. 20 ദിവസങ്ങൾക്കുശേഷം വീണ്ടും സമീപിച്ചപ്പോൾ ആ അപേക്ഷ പോലും അവിടെയില്ലായിരുന്നു. വീണ്ടും കോപ്പി കൊടുത്ത ശേഷം 22.06.2025_ൽ ഞാൻ "1912 customer division"-ൽ ബന്ധപ്പെട്ടു.അപ്പോൾ AE എന്നെ വിളിച്ചു തിരുവനന്തപുരത്തു എന്തിനാണ് പരാതിപ്പെട്ടത് (വാസ്തവത്തിൽ ശകാരം ആയിരുന്നു) എന്നാണ് ചോദിച്ചത്. ഈ അപേക്ഷ വായിച്ചുപോലും നോക്കാതെയാണ് സർവീസ്

നടത്തിയതെന്ന് ഖേദപൂർവം രേഖപ്പെടുത്തുന്നു. എന്റെ ഓർമയിൽ KSEB-ൽ നേരത്തെ ഒരു അപേക്ഷ സമർപ്പിച്ചാൽ ബോർഡ് ഒരു ചെറിയ തുക സ്വീകരിച്ച് രസീത് തരുമായിരുന്നു.എന്നാൽ ഇതിന് രേഖ ഇല്ലാത്തതിനാലും,നേരിട്ട് അപേക്ഷ കൊടുത്തതിനാലും ഞാൻ വെറും മനസമാധാനത്തിന് വേണ്ടി എഴുതിയതാണ്.

ഇതിൽ നിന്നും KSEB ഏതെങ്കിലും അപേക്ഷ സമർപ്പിച്ചാൽ മറുപടി ലഭ്യമാക്കുന്നരീതി ഇല്ലായെന്ന് വ്യക്തമാകുകയാണ്.പരാതി പരിഹാര ഫോറങ്ങളിൽ സമീപിക്കുമ്പോൾ മാത്രമാണ് മറുപടി തരുകയുള്ളൂ എന്നു കാണാം. സൂചന (2) പ്രകാരം KSEB യുടെ മറുപടിയിലൂടെ എന്റേതാണ് എല്ലാ കുറ്റവും എന്നു വരുത്തിതീർക്കാൻ ശ്രമിച്ചിരിയ്ക്കുകയാണ്. ഇപ്പോൾ 8500/- രൂപ അടച്ചാൽ എന്റെ വസ്തുവിൽ നിന്നുള്ള സ്ട്രീറ്റ് ലൈനുകൾ മാറ്റാമെന്ന് സമ്മതിക്കുമ്പോൾ ഇതേ സാഹചര്യങ്ങൾ നേരത്തെ ഉണ്ടായിരുന്നിട്ടും എന്റെ വസ്തുവിൽക്കൂടി തന്നെ കൊണ്ടുവന്നതിന്റെ യുക്തി എനിക്ക് മനസിലാകുന്നില്ല. സ്ട്രീറ്റ് ലൈൻ സ്ഥാപിക്കേണ്ടത് ലോക്കൽ ഗവൺമെന്റിന്റെ കടമയാണ് എന്നാണ് ഞാൻ മനസിലാക്കുന്നത്. ഇപ്പോൾ എനിക്ക് തന്ന ബില്ല് (ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റിൽ അന്ന് നല്കിയിരുന്നെങ്കിൽ യാതൊരു അസൌകര്യവും ഇല്ലാതെ തന്നെ കുറച്ചുകൂടി നേരെ റോഡിൽ കൂടി കൊണ്ടുപോകാമായിരുന്നു. എന്നിട്ടും വസ്തുവിലുള്ള കൂടുതൽ മരങ്ങളുടെ ഇടയിലൂടെയാണ് KR-99/N-3 യിലേക്ക് സ്ഥാപിച്ചത്. ഈ 3 മരങ്ങൾ പിന്നീട് മുറിച്ചുമാറ്റുകയും പുളിമരം കോതി ഒതുക്കിയിട്ടുള്ളതുമായിരുന്നു

യാതൊരു കാരണവശാലും സ്ഥാപിക്കാൻ മറ്റ് സാഹചര്യങ്ങൾ ഇല്ലാതെ വന്നാൽ മാത്രമേ സ്വകാര്യ വ്യക്തികളുടെ ലൈനിൽക്കൂടി അവരുടെ സമ്മതപ്രകാരം സ്ട്രീറ്റ് ലൈനുകൾ കൊണ്ടുപോകാവൂ എന്നതാണ് എന്റെ ഒരു എളിയ അറിവ്. ഇതിൽനിന്നും കസ്റ്റമറെ മനപ്പൂർവം ഉപദ്രവിക്കുക എന്ന സമീപനമാണ് KSEB സ്വീകരിച്ചെതെന്ന് എന്നു ഖേദപൂർവം അറിയിക്കുന്നു. അവസാന ബില്ല് പ്രകാരം 8315 രൂപ അടയ്ക്കാനാണ് നിർദേശിക്കുന്നത് CGRF ഓർഡറിന് വിരുദ്ധമാണ്. ചാർജുകൾ,ഫീസ് ഇവ ഒഴിവാക്കാനാണ് ഓർഡർ. എന്നാൽ ഈ ബില്ലിൽ 5259.68 രൂപ വിവിധ ലേബർ ചാർജുകൾ ആണെന്ന് കാണാം.

KSEB അവകാശപ്പെടുന്ന ക്രോസിങ് റോഡിൽകൂടി പറ്റില്ല എന്നതും തെറ്റായ പ്രസ്താവനയാണ്. കാരണം എന്റെ KR-99/N-3 എന്ന പോസ്റ്റിൽ നിന്നും 3

ലൈൻ ഉൾപ്പെടുന്ന ക്രോസ്സിങ്ങ് രണ്ടു പ്രാവശ്യം നടത്തിയിട്ടുണ്ട് (KR-99/N-3-1.KR-99/N4എന്ന 2 പോസ്റ്റിലേക്ക്). KR-99/N-3-പോസ്റ്റിൽ നിന്നും.KR-99/N4 ലേക്കുള്ള ക്രോസ്സിങ്ങ് നടത്തിയ 300 പോസ്റ്റും(9) അടുത്ത വീടും മുൻപ് പരമാർശിച്ച വീടിന്റെ അകലത്തിലാണ്. മാത്രമല്ല അത് എന്റെ വീടിന്റെ വഴിയും. ടി റോഡും ക്രോസ്സ് ചെയ്യതാണ് പോകുന്നത്. അതായത് ഇവിടെ ഇരട്ട നീതിയാണ് നടപ്പിലാക്കിയത്. ആയതിനാൽ ടി ലൈൻ പൂർണമായും (എന്റെ ഗൃഹ കണക്ഷൻ ഒഴികെ) റോഡിലേക്ക് മാറ്റി സ്ഥാപിക്കുവാൻ ഓർഡർ ഉണ്ടാകണമെന്ന് അപേക്ഷിയ്ക്കുന്നു. എന്റെ സമ്മതമില്ലാതെ ചട്ടവിരുദ്ധമായി KSEB പ്രവർത്തിച്ചതിനാൽ യാതൊരു ഫീസും ഈടാക്കാതെ തന്നെ നടപ്പിലാക്കാൻ ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 01/04/2026 ന് ഉച്ചയ്ക്ക് ശേഷം 04.00-ന് കെ.എസ്.ഇ.ബി, ഐബി പരുത്തിപ്പാറയിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ.ആർ.സുരേന്ദ്രൻ എതിർകക്ഷി ശ്രീ.നവാസ്.എൻ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ശാസ്താംകോട്ട, കൊല്ലം ജില്ല എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

പരാതിക്കാരൻ 1972 ൽ തന്റെ വീട്ടിലേയ്ക്ക് വൈദ്യുത കണക്ഷൻ എടുക്കുന്നതിന് സ്വന്തം ചെലവിൽ പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിപ്പിച്ചിരുന്നു. ആ ലൈനിൽ നിന്ന് പിന്നീട് 12 ഓളം ഗാർഹിക കണക്ഷൻ നല്കിയിരിക്കുന്നു. ഇത് ഒരു സിംഗിൾ ഫേസ് ലൈനാണ്. ഏകദേശം 5 വർഷങ്ങൾക്ക് മുൻപ് തന്റെ പുരയിടത്തിന് മുൻപിലുള്ള പൊതുനിരത്തിൽ street light സ്ഥാപിക്കുന്നതിനു വേണ്ടി തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ അപേക്ഷപ്രകാരം street main വലിക്കുകയുണ്ടായി. പരാതിക്കാരന്റെ പുരയിടത്തിൽ നില്ക്കുന്ന പോസ്റ്റിലൂടെ അദ്ദേഹത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെ ലൈൻ വലിച്ചു. ഒരു പോസ്റ്റ് ഒഴികെ അതിനു മുൻപും അതിനു പിൻപും ഉള്ള പോസ്റ്റുകൾ പൊതുനിരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇദ്ദേഹത്തിന്റെ ആവശ്യം തന്റെ പുരയിടത്തിലുള്ള പോസ്റ്റു കൂടി പൊതു നിരത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്നതാണ്. ആ പോസ്റ്റ് മാറ്റുന്നതിനുള്ള ചെലവ് വഹിക്കാൻ പരാതിക്കാരൻ തയ്യാറുമല്ല. ലൈസൻസിയുടെ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി ആ ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് കണക്കാക്കുകയും ആ തുകയായ 9505.59/- രൂപ അടയ്ക്കാൻ അറിയിപ്പ് നൽകുകയും ചെയ്തു. പരാതിക്കാരന്റെ

പുരയിടത്തിൽ വളർന്ന മരങ്ങൾ അപകടകരമായ വിധം ലൈനിൽ തട്ടി നില്ക്കുന്നതിനാൽ അത് മുറിച്ചുമാറ്റുന്നതിനുവേണ്ടി ലൈൻ അഴിച്ചുമാറ്റണമെന്ന് ലൈസൻസിയോട് ആവശ്യപ്പെടുകയും അതിനുവേണ്ടി **3610/-** രൂപ അടയ്ക്കുകയും ചെയ്തു.

എന്നാൽ മരം മുറിച്ചു മാറ്റിയ ശേഷം ലൈൻ വീണ്ടും പഴയതുപോലെ സ്ഥാപിച്ചു. നിലവിലുള്ള ലൈനിൽ കൂടി **street light** ന് വേണ്ടി ഒരു **conductor** കൂടി വലിച്ചത് പരാതിക്കാരന്റെ അറിവോ സമ്മതമോ ഇല്ലാതെയാണെന്നതാണ് പരാതി. **Kerala Electricity Supply Code 2014** ലെ **Regulation 102** ലെ **Sub Clause 10** പ്രകാരമുള്ള മാനദണ്ഡങ്ങൾ ലൈസൻസി പാലിച്ചിട്ടില്ല എന്നതാണ് പരാതിക്കാരൻ ഉന്നയിക്കുന്ന വാദം.

***102.*** *Supply of electricity for street lights.-*

***(1)*** *The licensee shall provide electric supply for public street lights, on request from local authority.*

*(10) The licensee may install street lights in private areas where the distributing lines of the licensee are in existence, on special terms and conditions to be agreed mutually by the licensee and the person who applies for such service.*

ഈ ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രൈവറ്റ് സ്ഥലങ്ങളിൽ കക്ഷികളുടെ ആവശ്യപ്രകാരം സ്ഥാപിക്കുന്ന വഴിവിളക്കുകളുടെ കാര്യമാണ്. സ്വകാര്യ സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വേണ്ടി **street light** സ്ഥാപിക്കുമ്പോൾ ആ സ്വകാര്യ വ്യക്തി സ്ഥാപനവുമായി ഉഭയ സമ്മത പ്രകാരമുള്ള കരാറുകൾ ഉണ്ടാക്കിയാണ് സ്ഥാപിക്കേണ്ടത്. ഇവിടെ സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ അവരുടെ ആവശ്യ പ്രകാരം സ്ഥാപിച്ച **street light** സംവിധാനമല്ലാത്തതിനാൽ ഇവിടെ ബാധകമായി വരുന്നില്ല. പഞ്ചായത്തിന്റെ ആവശ്യപ്രകാരം പൊതുനിരത്തിൽ സ്ഥാപിച്ച വഴിവിളക്കിനുവേണ്ടി വലിച്ച ലൈനിന്റെ കുറച്ചു ഭാഗം ഇദ്ദേഹത്തിന്റെ സ്ഥലത്ത് നിലനില്ക്കുന്ന ലൈനിലൂടെ പോയി എന്നു മാത്രമേയുള്ളൂ.

ഇങ്ങനെ സ്ഥാപിച്ചിട്ടുള്ള ലൈനിൽ അധിക **Conductor** വലിക്കാൻ ലൈസൻസിയ്ക്ക് അധികാരമുണ്ടോ എന്ന് പരിശോധിക്കാം? ഇതിനെക്കുറിച്ച് **Supply Code 2014** ലെ റെഗുലേഷൻ **24** ൽ വ്യക്തമാക്കുന്നു.

***24.** The service line, meter and associated equipment deemed to be the property of the licensee.-*

***(1)*** *The whole of service line, meter and other associated equipment shall be deemed to be the property of the licensee and shall remain under his control so long as they are connected to the distribution system of the licensee.*
***(2)*** *The licensee may use the service line and other apparatus to give supply to other consumers, if the supply to the consumer who has paid for such line and apparatus is not affected adversely: Provided that the service line and other equipment of a consumer with a dedicated feeder shall not be used to supply power to another consumer.*
***(3)*** *Even if the supply to the consumer who has paid for the line or equipment is disconnected, for whatsoever reason, the consumer shall permit the licensee, continued access to the service line and other equipment if they are required to give supply to other consumers, until alternate arrangements are made by the licensee: Provided that no payment shall be due to the consumer for such access or facility.*

ഇവിടെ സ്ഥാപിച്ചിട്ടുള്ള ലൈൻ **dedicated feeder** അല്ലാത്തതിനാൽ തന്നെ ലൈസൻസിയ്ക്ക് ഒരു അധിക ലൈൻ ഇതിലൂടെ വലിക്കാൻ അധികാരം നല്കുന്നു. കൂടാതെ ഈ ലൈൻ വലിച്ചിരിക്കുന്നത് **5** വർഷങ്ങൾക്ക് മുൻപാണെന്നുള്ളത് രണ്ടു കക്ഷികളും സമ്മതിക്കുന്നു. എന്താണ് പരാതി നൽകാൻ ഇത്രയും കാലമെടുത്തത് എന്നതിന് പരാതിക്കാരന് തൃപ്തികരമായ മറുപടിയില്ല. ചെലവ് വഹിച്ചാൽ **post** മാറ്റി സ്ഥാപിക്കാൻ സാങ്കേതിക തടസ്സമില്ല എന്ന് ലൈസൻസി അറിയിച്ചു. എന്നാൽ പരാതിക്കാരൻ ചെലവ് വഹിക്കാൻ തയ്യാറല്ല. **Regulation 95 (Supply Code 2014)** ൽ ലൈൻ മാറ്റുന്നതിനുള്ള മാനദണ്ഡങ്ങളെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

***95. Procedure for shifting electric line or electrical plant of the licensee.****-*

***(1)*** *The owner of the land or his successor in interest who has given right of way for the construction of an existing electric line or electrical plant over, under, along, across, in or upon the said land, may apply for shifting the electric line or electrical plant to any other portion of his land for genuine purposes.*
***(2)*** *The application for shifting the electric line or electrical plant shall be submitted in the local office of the licensee.*
***(3)*** *On receipt of the application the licensee shall inspect the site and assess the technical feasibility of the proposed shifting.*
***(4)*** *The application for shifting an electric line or electrical plant shall be granted only if:-*

- ***a)*** *the proposed shifting is technically feasible; and*
- **b)** *the owner of the land or his successor in interest gives consent in writing to shift the electric line or electrical plant to any other portion of his land or to any otherland owned by him; or any alternate right of way along any public path way available for shifting the electric line and the electrical plant; and*
- **c)** *the applicant shall remit the labour charges and material charges required for shifting the electric line or electric plant as estimated by the licensee as per the*

*cost data approved by the Commission from time to time in accordance with the Regulation 33 of the Kerala Electricity Supply Code, 2014.*

***(5)*** *The licensee shall shift the electric line or electrical plant if the conditions specified in sub regulation (4) are complied with by the applicant.*

ഈ ചട്ടം പ്രകാരം ലൈൻ മാറ്റുന്നതിനുവേണ്ടി വരുന്ന വസ്തുക്കളുടെ വിലയും **labour charge** ഉം ആവശ്യക്കാൾ വഹിക്കേണ്ടതാണ്. **CGRF** ന്റെ ഉത്തരവ് പ്രകാരം **estimate amount revise** ചെയ്തുവെങ്കിലും ആ തുകയും അടയ്ക്കാൻ പരാതിക്കാരൻ ഒരുക്കമല്ല എന്നറിയിച്ചു.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർകക്ഷി യുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശകല നത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1) **CGRF** ന്റെ ഉത്തരവ് ശരിവച്ചുകൊണ്ട് ഉത്തരവാകുന്നു.
2) മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/04/2026/** തീയതി : **16-04-2026**

**അയക്കുന്നത്:**

1. ശ്രീ. സുരേന്ദ്രൻ. രാഘവൻ, ശാസ്തിഭവൻ (സൌത്ത്), മൈനാഗപ്പള്ളി പി.ഒ മൈനാഗപ്പള്ളി, കൊല്ലം ജില്ല - **690519**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, ശാസ്താംകോട്ട,കൊല്ലം (ജില്ല).

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -**10.**
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-**4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര - **691506**